പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2328 — 18/02/2016 ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, കെ.ശിവദാസൻ നായർ<br>,, സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | 2011-2012 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്ക് ആശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം.4427/2011/ ആ.ക.വ. തീയതി 23/02/2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് 100 ലക്ഷം രൂപയും സാധന സാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും 400 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവർത്തികൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ആണ് നടപ്പിലാക്കിയത്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ ലും പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് യൂണിറ്റുകളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br><br>2015-2016 ൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നെടുങ്ങോലം, ഹരിപ്പാട് എന്നീ താലൂക്ക് ആശുപത്രികളിൽ 7.10കോടി രൂപ ചെലവിൽ 10 ബെഡ് വീതമുള്ള രണ്ട് ഡയാലിസ്സിസ് യൂണിറ്റുകൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ.)നം. 114/2013/നികുതി വകുപ്പ് തീയതി 05/02/2013 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ അനുബന്ധമായി ചേർത്തിട്ടുള്ള 27 ആശുപത്രികളിൽ കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.<br><br>താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് |

| | | | |
|---|---|---|---|
| | | | ആസ്ഥാന ആശുപത്രി കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | വൃക്കകളുടെ പ്രവർത്തനം തകരാറിലായവരെ സ്വകാര്യ സെന്ററുകളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും കുറഞ്ഞ നിരക്കിൽ ഡയാലിസിസ് നൽകാനും സാധിക്കുന്നു. കിഡ്നി പ്രവർത്തനം തകരാറിലായി കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് അനുയോജ്യമായ കിഡ്നി ലഭിക്കാതെ വരുകയോ സാമ്പത്തിക പ്രതിസന്ധിമൂലം കിഡ്നി മാറ്റിവയ്ക്കലിന് വിധേയരാകുവാൻ കഴിയാതെ വരുകയോ ചെയ്യുമ്പോൾ ഡയാലിസിസ് ചികിത്സ വേണ്ടി വരുന്നു. ഈ ചികിത്സ സർക്കാർ മേഖലയിലെ ഡയാലിസിസ് യൂണിറ്റുകൾ വഴി മിതമായ നിരക്കിൽ നൽകുവാൻ കഴിയുന്നു. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | 2011-2012 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്ക് ആശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം.4427/2011/ ആ.കു.വ. തീയതി 23/02/2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് 100 ലക്ഷം രൂപയും സാധന സാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും 400 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവർത്തികൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ആണ് നടപ്പിലാക്കിയത്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ ലും പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് യൂണിറ്റുകളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br><br>2015-2016 ൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നെട്ടങ്ങോലം, ഹരിപ്പാട് എന്നീ താലൂക്ക് ആശുപത്രികളിൽ 7.10കോടി രൂപ ചെലവിൽ 10 ബെഡ് വീതമുള്ള രണ്ട് ഡയാലിസ്സിസ് യൂണിറ്റുകൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ.)നം. 114/2013/നികുതി വകുപ്പ് തീയതി 05/02/2013 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 27 ആശുപത്രികളിൽ കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.<br><br>താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ആസ്ഥാന ആശുപത്രി കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| 1 | താലൂക്ക് ആസ്ഥാന ആശുപത്രി, ചിറയിൻകീഴ് |
| 2 | ജില്ലാ ആശുപത്രി , നെയ്യാറ്റിൻകര |
| 3 | ജില്ലാ ആശുപത്രി, നെടുമങ്ങാട് |
| 4 | ഫോർട്ട് ഹോസ്പിറ്റൽ, തിരുവനന്തപുരം. |
| 5 | താലൂക്ക് ആസ്ഥാന ആശുപത്രി, കൊട്ടാരക്കര |
| 6 | താലൂക്ക് ആസ്ഥാന ആശുപത്രി, പുനലൂർ |
| 7 | താലൂക്ക് ആസ്ഥാന ആശുപത്രി, ചേർത്തല |
| 8 | ജനറൽ ആശുപത്രി, ആലപ്പുഴ |
| 9 | താലൂക്ക് ആസ്ഥാന ആശുപത്രി, റാന്നി |
| 10 | ജനറൽ ആശുപത്രി, അടൂർ |
| 11 | ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി |
| 12 | ജനറൽ ആശുപത്രി, പാല |
| 13 | താലൂക്ക് ആസ്ഥാന ആശുപത്രി, പീരുമേട് |
| 14 | താലൂക്ക് ആസ്ഥാന ആശുപത്രി, മൂവാറ്റുപുഴ |
| 15 | താലൂക്ക് ആസ്ഥാന ആശുപത്രി, പറവൂർ |
| 16 | ജില്ലാ ആശുപത്രി, വടക്കാഞ്ചേരി |
| 17 | താലൂക്ക് ആസ്ഥാന ആശുപത്രി, കുന്നംകുളം |
| 18 | താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം |
| 19 | താലൂക്ക് ആസ്ഥാന ആശുപത്രി, മണ്ണാർക്കാട് |
| 20 | താലൂക്ക് ആസ്ഥാന ആശുപത്രി, കൊയിലാണ്ടി |
| 21 | താലൂക്ക് ആസ്ഥാന ആശുപത്രി, താമരശ്ശേരി |
| 22 | താലൂക്ക് ആസ്ഥാന ആശുപത്രി, തളിപ്പറമ്പ് |
| 23 | ജനറൽ ആശുപത്രി, തലശ്ശേരി |
| 24 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |
| 25 | താലൂക്ക് ആസ്ഥാന ആശുപത്രി, നീലേശ്വരം |
| 26 | താലൂക്ക് ആസ്ഥാന ആശുപത്രി, സുൽത്താൻ ബത്തേരി |
| 27 | ജനറൽ ആശുപത്രി, കൽപ്പറ്റ |

Sd/-

സെക്ഷൻ ഓഫീസർ